# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 307 **28.01.2019-ൽ മറുപടിയ്ക്ക്**

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ഡി.കെ. മുരളി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആയുർവേദ ചികിത്സാരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ആയുർവേദ ചികിത്സാരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആയുർവേദ മരുന്നുകളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്കുവേണ്ടി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദ) & ലൈസൻസിംഗ് അതോറിറ്റിയാണ്. ഇതിലേക്കായി ഒരു (1) സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ ആയുർവേദവും ഏഴ്(7)ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സേവനം ചെയ്യുന്നുണ്ട്. ഇവർ തിരുവനന്തപുരത്തുള്ള മെയിൻ കാര്യാലയത്തിലും കൊല്ലം, എറണാകുളം, കോഴിക്കോട്, എന്നീ മേഖലാ കാര്യാലയങ്ങളിലുമാണ് ജോലി ചെയ്യുന്നത്. ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാരനിർണ്ണയത്തിനായി അതാത് മേഖലയിൽ ചുമതലയുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിലുള്ള ഔഷധ നിർമ്മാണ യൂണിറ്റുകളിൽ നിന്നും വില്പന കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ നിശ്ചിത തോതിൽ ശേഖരിച്ച് തിരുവനന്തപുരം ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കും എറണാകുളം റീജിയണൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കും അയക്കുന്നു. ഇപ്രകാരം ലഭിക്കുന്ന സാമ്പിളുകൾ |

| | | | |
|---|---|---|---|
| | | | ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളിലെ എ.എസ്.യു. വിഭാഗത്തിലെ അനലിസ്റ്റമാർ പരിശോധിച്ച് റിപ്പോർട്ടുകൾ അയക്കുന്നു.<br>ഇപ്രകാരം ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടുകളിൽ ഗുണനിലവാരം ഉറപ്പാക്കാത്ത ഔഷധം നിർമ്മിച്ച ഉടമയ്ക്കും സ്ഥാപനങ്ങൾക്കുമെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945 പ്രകാരം നിയമനടപടിയും വകുപ്പ് തല നടപടികളും സ്വീകരിക്കാറുണ്ട്.<br>കൂടാതെ പൊതുജനങ്ങൾക്കും നിർമ്മാതാക്കൾക്കും ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പരിശോധന നടത്തുന്നതിലേക്ക് ഏഴ് (7) ആയുഷ് അപ്രൂവ്ഡ് ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവേദ ഡ്രഗ്ഗ് കൺട്രോളർ ആൻഡ് ലൈസൻസിംഗ് അതോറിറ്റിയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ & ലൈസൻസിംഗ് അതോറിറ്റിയെ ശക്തിപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | കേരളത്തിൽ നിന്നുള്ള ആയുർവേദ മരുന്നുകൾക്ക് അന്താരാഷ്ട്ര വിപണിയിൽ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിലെ ആയുർവേദ മരുന്നുകൾക്ക് അന്താരാഷ്ട്ര വിപണിയിൽ അംഗീകാരം ലഭിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ ആയുർവേദ വിഭാഗം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിലേക്കായി ഫ്രീസെയിൽ സർട്ടിഫിക്കറ്റ്, നോൺ കൺവിക്ഷൻ സർട്ടിഫിക്കറ്റ്, പ്രോഡക്റ്റ് സർട്ടിഫിക്കറ്റ് എന്നിവകൾ കഴിവതും വേഗം ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും അനുവദിക്കുന്നുണ്ട്. കൂടാതെ പുതുതായി യൂണിറ്റുകൾ തുടങ്ങുന്ന സംരംഭകർക്ക് മതിയായ പ്രോത്സാഹനവും അനുഭാവ പൂർണ്ണമായ സമീപനവും നൽകുന്നുണ്ട്.<br><br>പുതുതായി പേറ്റന്റ് & പ്രൊപ്രൈറ്ററി മരുന്നുകൾക്ക് അംഗീകാരം നൽകുന്നതിന് എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ച് സമയ ബന്ധിതമായി അപേക്ഷകളും ഫോർമുലയും പരിശോധിച്ച് കഴിവതും വേഗം അനുമതി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.**

- ആയുർവേദ മേഖലയിൽ ആയുർവേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണകേന്ദ്രവും, പഠനകേന്ദ്രവും, ലാബോട്ടറിയും സ്ഥാപിക്കുന്നതിന് ഈ സർക്കാർ നയപരമായ തീരുമാനമെടുക്കുകയും കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു.

- ആയുർവേദ മേഖലയിൽ നിലവിൽ മാനസിക രോഗ ചികിത്സക്ക് ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ മാത്രമാണ് ആശുപത്രി നിലവിലുള്ളത്. ഇതിൻപ്രകാരം ആയുർവേദ മേഖലയിൽ മാനസിക രോഗ ചികിത്സക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനായി ഈ സർക്കാർ കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിനു കീഴിലും, തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിനു കീഴിലും പുതുതായി 50 ബെഡുകളുള്ള മാനസിക രോഗ ആശുപത്രികൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വകുപ്പുന് കീഴിൽ ആകെ പുതുതായി 33 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി തിരുവനന്തപുരം**

| | | |
|---|---|---|
| ആയുർവേദ തെറാപ്പിസ്റ്റ് | – | 10 |
| മെഡിക്കൽ ഓഫീസർ | – | 9 |

**ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി തൃപ്പൂണിത്തുറ**

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | – | 7 എണ്ണം |

**ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി കണ്ണൂർ**

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | – | 7 എണ്ണം |

- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആശുപത്രികൾ മികച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനും രോഗികൾക്ക് മികച്ച ചികിത്സ ലഭിക്കുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
  1. ഓ.പി/ ഐ.പി വിഭാഗങ്ങൾ കമ്പ്യൂട്ടർ വത്കരിച്ചിട്ടുണ്ട്.
  2. ആശുപത്രികളുടെ കീഴിലുള്ള ലാബുകളിലും, മറ്റ് നേത്രപരിശോധന സ്ഥലങ്ങളിലും ഉൾപ്പെടെ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ സ്ഥാപിച്ചു.

3. തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിന് കീഴിലെ ആശുപത്രിയിൽ എത്തുന്ന രോഗികളുടെ രക്തം നിലവിലുള്ള ലാബിൽ സൗകര്യമില്ലാത്ത പരിശോധനകൾ നടത്തുന്നതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി ചേർന്ന് പ്രത്യേകമായി ഒരു ലാബ് സജ്ജീകരിച്ചിട്ടുണ്ട്.
4. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രിയുടെ കീഴിൽ പുതുതായി പണികഴിപ്പിച്ച 5 നില പേവാർഡ് കെട്ടിടം പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചു.
5. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിന് കീഴിലെ പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതുതായി ലേബർ റൂം ഓപ്പറേഷൻ തീയേറ്റർ എന്നിവ ആധുനിക സൗകര്യങ്ങളോടെ ഉത്ഘാടനം ചെയ്തു.
6. കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രിയുടെ കീഴിൽ 5 നില സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.
7. ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട ചികിത്സാ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിന്റെ ഭാഗമായി എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ആശുപത്രികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

# ഭാരതീയ ചികിത്സാ വകുപ്പ്

ഭാരതീയ ചികിത്സാ വകുപ്പ് മുഖേന പ്ലാൻ പദ്ധതി പ്രകാരം വകുപ്പിന് കീഴിലുള്ള 14 ജില്ലകളിലേയും ജില്ലാ ആശുപത്രികളിൽ മാനസികം, പ്രസൂതിതന്ത്ര, കൗമാരഭൃത്യം, പഞ്ചകർമ്മ, ആയുഷ്യം, ജീറിയാട്രിക് കെയർ, കരൾരോഗമുക്തി, യോഗ എന്നീ യൂണിറ്റുകളും, തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ജീവനി, പുനർന്നവ, ക്ഷാരസൂത്ര, ക്ഷേമജനനി, സ്നേഹധാര, സിക്കിൾസെൽ, സിദ്ധ, നിർവിഷ, സ്പോർട്സ് മെഡിസിൻ എന്നീ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. സ്കൂൾ കുട്ടികളിൽ ഉണ്ടാകുന്ന പഠനവൈകല്യങ്ങളും മറ്റ് അസുഖങ്ങളും പരിഹരിച്ച് നല്ലൊരു തലമുറയെ വാർത്തെടുക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ബാലമുകുളം, ഋതു, പ്രസാദം, ദൃഷ്ടി, കൗമാരസൗഖ്യം, എന്നീ വിദ്യാലയ ആരോഗ്യ പദ്ധതികളും നടപ്പിലാക്കി വരുന്നു.

<u>ഓരോ പദ്ധതികളുടെയും വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

## മാനസികം

സമൂഹത്തിൽ നേരിടുന്ന മാനസികമായ ആരോഗ്യപ്രശ്നങ്ങൾ ആയുർവേദ ചികിത്സയിലൂടെ ഭേദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ആയുർവേദത്തിലെ മറ്റൊരു ചികിത്സാ രീതിയാണ് മാനസികം. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ പ്രവത്തിക്കുന്ന 50 കിടക്കകളുള്ള ഗവൺമെന്റ് ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഡിസീസ് ഭാരതത്തിലെ തന്നെ ഈ മേഖലയിലുള്ള ഒരു പ്രശസ്ത സ്ഥാപനമാണ്.

കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള 14 ജില്ലകളിലും തിരഞ്ഞെടുത്ത ആശുപത്രികളിൽ സമൂഹത്തിൽ നേരിടുന്ന മാനസികപരമായ ആരോഗ്യപ്രശ്നങ്ങൾ ആയുർവേദ ചികിത്സയിലൂടെ ഭേദമാക്കുക എന്ന ലക്ഷ്യത്തോടെ മാനസികരോഗ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

## പഞ്ചകർമ്മ

മഹത്തായ ആയുർവേദ സംസ്കാരം കാത്തുസൂക്ഷിക്കുന്ന മറ്റൊരു ചികിത്സാ ശാസ്ത്രമാണ് പഞ്ചകർമ്മ. ഉഴിച്ചിൽ, തടവൽ മുതലായ പരമ്പരാഗത ആയുർവേദ ചികിത്സാ രീതികൾ പഞ്ചകർമ്മ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ 14 ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ 66 പഞ്ചകർമ്മ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഓരോ യൂണിറ്റിലും 2 തെറാപിസ്റ്റുമാർ പ്രവർത്തിച്ചു വരുന്നു.

## വൃദ്ധജന പരിപാലന യൂണിറ്റ്

നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

## കരൾരോഗമുക്തി പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള 14 ജില്ലകളിലേയും തിരഞ്ഞെടുത്ത ആശുപത്രിയോടനുബന്ധിച്ച് മദ്യപാനം മൂലമുള്ള കരൾ സംബന്ധമായ അസുഖങ്ങളും മറ്റ് രോഗികളിലും കണ്ടു വരുന്ന കരൾ സംബന്ധമായ രോഗങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

## കൗമാരഭൃത്യം പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ശിശുക്കളുടെ പരിചരണത്തിനും സംരക്ഷണത്തിനും വേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ടി പദ്ധതി.

## ആയുഷ്യം പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള 14 ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രിയോടനുബന്ധിച്ച് ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിച്ച് വരുന്നു. ജീവിതശൈലി വ്യതിയാനംമൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുക എന്നുള്ള ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## ക്ഷേമജനനി പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലകളിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആയുർവേദ ഗർഭിണി സംരക്ഷണം, ശിശു പരിപാലനം എന്നീ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## സിക്കിൾ സെൽ അനീമിയ യൂണിറ്റ്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ ആദിവാസി മേഖലകളിലും മറ്റ് സ്ഥലങ്ങളിലും കണ്ട് വരുന്ന സിക്കിൾ സെൽ അനീമിയ രോഗം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

## സ്നേഹധാര പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ അശരണരും നിരാലംബരുമായ കിടപ്പുരോഗികൾക്ക് അവരുടെ വീടുകളിൽ ചെന്ന് സാന്ത്വനവും പരിചരണവും ഔഷധങ്ങളും ആയുർവേദ ചികിത്സാ രീതിയിൽ എത്തിക്കുവാനുള്ള പദ്ധതിയാണ് ഇത്.

## പ്രസൂതിതന്ത്ര പ്രോജക്ട്

ഗർഭിണികളായ സ്ത്രീകളുടേയും ഗർഭകാലത്തെ സംരക്ഷണവും ആയുർവേദ ചികിത്സയിലൂടെ പരിചരണം നൽകുക എന്ന ലക്ഷ്യത്തോടെ 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

## സ്പോർട്സ് യൂണിറ്റ്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള യൂണിറ്റുകളിലും സ്പോർട്സ് താരങ്ങൾക്ക് ആയുർവേദ ചികിത്സ നൽകുന്നതിനും സ്പോർട്സ് മെഡിസിനുള്ള ഗവേഷണശാല നിർമ്മിക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

## ക്ഷാരസൂത്ര പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ രോഗികൾക്കുണ്ടാകുന്ന ഗുദാർശസ്, ഫിസ്തുല മുതലായ അസുഖങ്ങളെ ആയുർവേദ ചികിത്സയിലൂടെ ചികിത്സിച്ച് ഭേദമാക്കുന്ന ഒരു ആയുർവേദ ചികിത്സാ പദ്ധതിയാണ് ക്ഷാരസൂത്ര പ്രോജക്ട്.

## യോഗ യൂണിറ്റ്

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ സമൂഹത്തിൽ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും വ്യായാമക്കുറവുകൾ കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും യോഗയിലൂടെ പരിഹരിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ളതാണ് യോഗ യൂണീറ്റുകൾ.

## നിർവിഷ

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ എന്റോസൾഫാൻ ബാധിത കുടുംബങ്ങളിൽ ആരോഗ്യമുള്ള കുട്ടികളുണ്ടാകുന്നതിനായി മാതാപിതാക്കൾക്കുള്ള ആയുർവേദ ആരോഗ്യ പരിചരണം നടത്തുന്നതിനായി ആയുർവേദ ചികിത്സയിലൂടെ ചികിത്സിച്ച് ഭേദമാക്കുന്ന ഒരു ആയുർവേദ ചികിത്സാ പദ്ധതിയാണ് നിർവിഷ പ്രോജക്ട്.

## സിദ്ധ യൂണിറ്റ്

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ ഒരു 20 ബെഡ് സിദ്ധ ആശുപത്രിയും സിദ്ധ ഡിസ്പെൻസറിയും പ്രവർത്തിച്ചു വരുന്നു. കൊല്ലം ഇടുക്കി ആലപ്പുഴ പാലക്കാട് മലപ്പുറം എന്നീ ജില്ലകളിൽഓരോ സിദ്ധ ഡിസ്പെൻസറിയും

പ്രവർത്തിച്ചു വരുന്നു. സ്ഥിരം സിദ്ധാ ഡിസ്പെൻസറികൾ നിലവിലില്ലാത്ത മറ്റ് 8 ജില്ലകളിൽ സിദ്ധ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.

## ജീവനി പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ടൈപ്പ് 2 ഡയബറ്റിക്സ് രോഗ നിർണ്ണയവും അത് മൂലമുണ്ടാകുന്ന അസുഖങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിക്കുകയും ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുക എന്നുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ഈ പദ്ധതി.

## പുനർന്നവ പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പക്ഷാഘാതം മൂലമുണ്ടാകുന്ന അസുഖങ്ങൾ നേരിടുന്ന രോഗികളുടെ പുനരുജ്ജീവനം ആയുർവേദ ചികിത്സയിലൂടെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

## ബാലമുകുളം പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള പാലക്കാട്, വയനാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ കുട്ടികളിൽ ഉണ്ടാകുന്ന അസുഖങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിച്ച് പഠനനിലവാരം മെച്ചപ്പെടുത്തുക എന്നുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് ടി പദ്ധതി.

## പ്രസാദം പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ആലപ്പുഴ, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ കുട്ടികളിലെ വിളർച്ചാ രോഗങ്ങളും അതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## ഋതു പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള കൊല്ലം, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത സ്കൂളുകളിലെ കൗമാരക്കാരായ പെൺകുട്ടികളിൽ ആർത്തവ സംബന്ധമായ അസുഖങ്ങൾ, മാനസിക പ്രശ്നങ്ങൾ എന്നിവ ആയുർവേദ ചികിത്സയിലൂടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## ദൃഷ്ടി

വിദ്യാലയ ആരോഗ്യപരിപാടികളുടെ ഭാഗമായി ദൃഷ്ടി എന്ന പദ്ധതി ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു. ടി പദ്ധതി സ്കൂൾ

കുട്ടികളിൽ ഉണ്ടാകുന്ന കാഴ്ച വൈകല്യം ആയുർവേദ ചികിത്സയിലൂടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്.

## കൗമാരസ്ഥൗല്യം പ്രോജക്ട്

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള ടി പദ്ധതി കുട്ടികളിലെ അമിതവണ്ണം കുറയ്ക്കുന്നതിനും അതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള ചികിത്സാ പദ്ധതിയാണ്.

## ജ്യോതിർഗമയ

ഭാരതീയ ചികിത്സാ വകുപ്പ് മുഖേന സംസ്ഥാനത്തെ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ 3 സെന്റട്രൽ ജയിലുകളിലെ അന്തേവാസികൾക്കും ജീവനക്കാർക്കും ആയുർവേദ ചികിത്സയിലൂടെ ശാരീരികവും മാനസികവുമായ മാറ്റം കൈവരിക്കുന്നതിനും ആയതിലൂടെ അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 2018 -19 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ജ്യോതിർഗമയ.

## കന്യാജോതി

കൗമാരക്കാരായ പെൺകുട്ടികളിൽ ഉണ്ടാകുന്ന അനീമിയ, ശാരീരികവും മാനസികവുമായിട്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ എന്നിവ സിദ്ധാ ചികിത്സാ സമ്പ്രദായവുമായി ബന്ധപ്പെടുത്തി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സിദ്ധാ ഡിസ്പെൻസറികൾ നിലവിലുള്ള 6 ജില്ലകളിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് കന്യാജോതി.

## വർണ്ണ്യം

ആയുർവേദ ചികിത്സ സമ്പ്രദായവുമായി ബന്ധപ്പെടുത്തി സ്കിൻ ആന്റ് ഹെയർ ക്ലിനിക്കുകൾ സ്ഥാപിക്കുകയും അതുവഴി ആയുർവേദപരമായ ഹെർബൽ ചികിത്സകൾ ഫലപ്രദമായ രീതിയിൽ നൽകുന്നതിനുമായി 2018-19 സാമ്പത്തിക വർഷം മുതൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് വർണ്യം പ്രോജക്ട്.

## അമൃതകിരണം

ഭക്ഷണത്തിലൂടെയും പൊടിപടലങ്ങളിലൂടെയും ശരിയായ രീതിയിലല്ലാത്ത ജീവിതചര്യയിലൂടെയും സമൂഹത്തിൽ നേരിടുന്ന അലർജി അസുഖങ്ങൾ ആയൂർവേദ ചികിത്സയിലൂടെ പരിഹരിച്ച് ഫലപ്രദമായ രീതിയിൽ മാറ്റം കൈവരിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം മുതൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് അമൃതകിരണം പ്രോജക്ട്.

## ബസ്തി

ജീവിതവ്യതിയാനങ്ങൾ മൂലമു ാകുന്ന മാറ്റങ്ങളിലൂടെ സമൂഹത്തിൽ നേരിടുന്ന മൂത്രാശയപരമായ അസുഖങ്ങൾ ആയൂർവേദ ചികിത്സയിലൂടെ പരിഹരിച്ച് ഫലപ്രദമായ രീതിയിൽ മാറ്റം കൈവരിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം മുതൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ബസ്തി പ്രോജക്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ